# യുദ്ധങ്ങളും വലിയ രക്തചൊരിച്ചിലും (വെളിപാട് പഠനം 60)

പാസ്റ്റര് സി.വി. ആൻഡ്രൂസ്, അറ്റ്ലാന്റ

**വാക്യം 6:3,4 "അവന് രണ്ടാം മുദ്ര പൊട്ടിച്ചപ്പോള്: വരിക എന്ന രണ്ടാം ജീവി പറയുന്നത് ഞാന് കേട്ടു. അപ്പോള് ചുവന്നതായ മറ്റൊരു കുതിര പുറപ്പെട്ടു. അതിന്റെ പുറത്ത് ഇരിക്കുന്നവന് മനുഷ്യര് അന്യോന്യം കൊല്ലുവാന് തക്കവണ്ണം ഭൂമിയില് നിന്ന് സമാധാനം എടുത്തു കളയേണ്ടതിന് അധികാരം ലഭിച്ചു. ഒരു വലിയ വാളും അവന് കിട്ടി."**

ഇനിയും നടക്കുവാന് പോകുന്ന യുദ്ധങ്ങളെ കാണിച്ചുകൊടുക്കുവാന് ജീവി യോഹന്നാനെ ക്ഷണിക്കുകയാണ്. ഇവിടെ ചുവന്നതായ കുതിരയെയാണ് കാണുന്നത്. വെള്ളക്കുതിരമേല് ഇരിക്കുന്നവന്റെ കൈയ്യില് വില്ലു മാത്രമേ കാണുന്നുള്ളൂ. കിരീടം അവന് പിന്നീട് ലഭിച്ചതാണ്. എന്നാല് ഈ ചുവന്ന കുതിരപ്പുറത്ത് ഇരിക്കുന്നവന്റെ കയ്യില് ഒരു വലിയ വാള് കൂടെ കൈവശം ഉള്ളതായി പറഞ്ഞിരിക്കുന്നതുകൊണ്ട് മഹോപദ്രവകാലത്ത് തുടര്ന്ന് നടക്കുന്ന യുദ്ധത്തെയും രക്തചൊരിച്ചിലിനെയും ചൂണ്ടിക്കാണിക്കുന്നു.

"നിങ്ങള് യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ച് കേള്ക്കും. ചഞ്ചലപ്പെടാതിരിപ്പാന് സൂക്ഷിച്ചുകൊള്വിന്. അത് സംഭവിക്കേണ്ടതുതന്നെ. എന്നാല് അത് അവസാനമല്ല. ജാതിജാതിയോടും രാജ്യം രാജ്യത്തോടും എതിര്ക്കും." മത്താ - 24: 6. ഇതാണ് യേശു തന്റെ ശിഷ്യന്മാര്ക്ക് കൊടുത്ത രണ്ടാമത്തെ അടയാളം. അന്തിക്രിസ്തു ഭരണമേറ്റതിനെ തുടര്ന്നുള്ള രാഷ്ട്രീയ നിലയുടെ അടുത്ത ഭാഗമാണ് ഇവിടെ നാം കാണുന്നത്. സമാധാനമായി കടന്നുവന്ന അന്തിക്രിസ്തു അഥവാ വെള്ളക്കുതിരപ്പുറത്ത് വന്നവന് തുടര്ന്ന് നാം അവനെ കാണുന്നത് ചുവന്ന കുതിരയുടെ പുറത്താണ്. അവന്റെ സ്വഭാവം മാറിക്കൊണ്ടിരിക്കയാണ്. കുതിരയുടെ ചുവപ്പുനിറം രക്തത്തിന്റെയും വാള് യുദ്ധത്തെയും കാണിക്കുന്നു. പഴയ കാലങ്ങളില് യുദ്ധം ചെയ്യുവാന് ഉപയോഗിച്ചുവന്നിരുന്ന ഏറ്റവും വലിയ ആയുധങ്ങളില് ഒന്നായിരുന്നു വാള്, അമ്പും വില്ലും, കുതിരകള്, കുന്തം ഇവയൊക്കെയായിരുന്നു അക്കാലങ്ങളില് യുദ്ധത്തിന് ഉപയോഗപ്പെടുത്തിയിരുന്നത്. ഈ നൂറ്റാണ്ടില് എത്തിയിരിക്കുന്ന നാം ഇവയെല്ലാം ആധുനിക യുദ്ധായുധങ്ങള് ഉപയോഗിച്ചുള്ള യുദ്ധങ്ങളായി തന്നെ മനസ്സിലാക്കണം.

ലോകത്തിന് സമാധാനം വാഗ്ദത്തം ചെയ്ത് കടന്നുവന്ന അന്തിക്രിസ്തു ഇപ്പോള് തന്റെ തനിനിറം വെളിപ്പെടുത്തുന്നു. ഇന്ന് ഭൂമുഖത്ത് വേണ്ടത്ര സമാധാനമില്ല എന്ന് പറഞ്ഞുകൊണ്ട് ലോകശക്തികള് സമാധാനത്തിനുവേണ്ടി പരിശ്രമിക്കുന്നു. "അവര് സമാധാനമെന്നും നിര്ഭയമെന്നും പറയുമ്പോള് ഗര്ഭിണിക്ക് പ്രസവവേദന വരുംപോലെ അവര്ക്ക് പെട്ടെന്ന് നാശം വന്നു ഭവിക്കും. അവര്ക്ക് തെറ്റിയൊഴിയാവുന്നതുമല്ല. 1. തെസ്സ - 5:3 ഇന്ന് കാണപ്പെടുന്ന സമാധാനംകൂടെ അന്ന് ഇല്ലാതാ-

കും. സമാധാന രംഗത്ത് നയതന്ത്രമാര്ഗ്ഗങ്ങളിലൂടെ പ്രസിദ്ധനാവുകയും ലോകരാജ്യങ്ങളുടെ മേല് ഒരളവുവരെ തന്റെ സ്വാധീനത കൈവരുത്തുകയും ചെയ്ത അന്തിക്രിസ്തു യുദ്ധം, രക്തചൊരിച്ചില്, സമാധാന ലംഘനം എന്നിവയ്ക്ക് ആരംഭം ഇടുന്നു. അന്ന് എവിടെയും കൊല്ലും കൊലയും രക്തചൊരിച്ചിലും നടന്നുകൊണ്ടിരിക്കും. മനുഷ്യര് തമ്മില് തമ്മില് കൊല്ലുകയും രക്തം ചിന്തുകയും ചെയ്യും. അന്യോന്യം കൊല്ലിക്കുന്ന നയമാണ് അന്തിക്രിസ്തുവിനുള്ളത്. ചുവപ്പും, കലഹിപ്പിക്കലും, രക്തചൊരിച്ചിലും സര്വ്വ ലൗകികാംഗീകാരം നേടുന്നു.

അന്തിക്രിസ്തുവിന്റെ ഏകാധിപത്യ ഭരണത്തെ എതിര്ക്കുന്നവര് അന്ന് ധാരാളം ഉണ്ടാകും. അവരുമായി അവന് യുദ്ധം ചെയ്യും. അങ്ങനെ ധാരാളം മരണം സംഭവിക്കും. ജാതിജാതിയോടും രാജ്യം രാജ്യത്തോടും ഏറ്റുമുട്ടുന്ന സര്വ്വത്ര യുദ്ധങ്ങള് നിറഞ്ഞ ഒരുകാലമാണ് അന്തിക്രിസ്തുവിന്റെ ഈ ഭരണകാലം. അഥവാ മഹോപദ്രവകാലം. സമാധാനം ഘോഷിച്ചുകൊണ്ട് ഏകലോകാധിപതിയായി രംഗത്തുവരികയും സ്വേച്ഛാധിപതിയായി അധികാരം നടത്തുകയും ചെയ്യുന്ന അന്തിക്രിസ്തുവിന് വിധേയപ്പെടാത്ത ചുരുക്കം ചില രാജ്യങ്ങള് അന്നുണ്ടായിരിക്കും. അവര് അന്തിക്രിസ്തുവിന്റെ പദ്ധതികളെ മുഴുവന് അംഗീകരിക്കുന്നില്ല. തനിക്കു വിധേയപ്പെടാത്ത രാജ്യങ്ങളെ അടിച്ചമര്ത്തുവാന് അവരോടു പോരാട്ടം നടത്തും. വലിയ വാള് എന്നത് അന്തിക്രിസ്തുവില് നിന്നും ഉണ്ടാകുന്ന വലിയ സംഹാരത്തെയാണ് കാണിക്കുന്നത്. തന്റെ ഭരണത്തിന് വിധേയപ്പെടാത്ത രാജ്യങ്ങളെ തകര്ക്കുവാന് അന്തിക്രിസ്തു അവന്റെ സൈന്യസജ്ജീകരണം വളരെ വിപുലമായി നടത്തും. ആരോഗ്യവാന്മാരായ പുരുഷന്മാര് എല്ലാവരെയും സൈനികസേവനത്തിന് ചേരുവാന് കല്പന പുറപ്പെടും. അങ്ങനെ പട്ടണങ്ങളിലും ഗ്രാമങ്ങളിലും പുരുഷന്മാരുടെ സംഖ്യ കുറയും. "അന്ന് ഏഴു സ്ത്രീകള് ഒരു പുരുഷനെ പിടിച്ചു. ഞങ്ങള് സ്വന്തം വകകൊണ്ട് അഹോവൃത്തി കഴിക്കയും സ്വന്തം വസ്ത്രം ധരിക്കുകയും ചെയ്തുകൊള്ളാം. നിന്റെ പേര് മാത്രം ഞങ്ങള്ക്ക് ഇരിക്കട്ടെ. (യശ. 4:1) എന്ന പ്രവചനം നിവൃത്തിക്കപ്പെടും. അതിനാല് സ്ത്രീ പുരുഷ അനുപാതം അന്ന് ഏഴു സ്ത്രീകള്ക്ക് ഒരു പുരുഷന് എന്ന നിലയിലേക്ക് താഴും.

കുതിരപ്പുറത്ത് ഇരിക്കുന്നവന് മനുഷ്യന് അന്യോന്യം കൊല്ലുവാന് തക്കവണ്ണം ഭൂമിയില് നിന്ന് സമാധാനം എടുത്തുകളയേണ്ടതിന് അധികാരം ലഭിച്ചതായി പറയുന്നു. കൊലപാതകം അന്ന് സര്വ്വസാധാരണമായിരിക്കും. "അവര് ഓരോരുത്തന് തന്താന്റെ സഹോദരനോടും ഓരോരുത്തന് താന്താന്റെ കൂട്ടുകാരനോടും പട്ടണം പട്ടണത്തോടും രാജ്യം രാജ്യത്തോടും യുദ്ധം ചെയ്യും." യശ - 19: 2. "അവര് ഓരോരുത്തന് താന്താന്റെ കൂട്ടുകാരന്റെ കൈപിടിക്കും. ഒരുവന്റെ കൈ മറ്റവന്റെ നേരെ പൊങ്ങും." സെഖ - 14:13 എന്നിങ്ങനെ പ്രവാചകന്മാര് പ്രവചിച്ചിരിക്കുന്നു. "...അന്യോന്യം പകയുണ്ടാവുകയും ചെയ്യും." മത്താ - 24:10. മനുഷ്യ സമൂഹത്തിന്റെ സ്ഥിതി ഇവ്വിധമായിരിക്കുമെന്ന് കര്ത്താവ് പറഞ്ഞിരിക്കുന്നു. സ്നേഹരഹിതമായ ഒരു സമൂഹം ആയിരിക്കും അന്തിക്രിസ്തുവിന്റെ ഭരണകാലത്തുണ്ടായിരിക്കുന്നത്. അവര് അന്യോന്യം പകയുണ്ടാകുയും കൊല്ലുകയും

അക്രമം അഴിച്ചുവിടുകയും ചെയ്യും. ഇന്നാളുകളില് ഇതെല്ലാം നാം കേള്ക്കുകയും കാണുകയും ചെയ്യുന്നതിനാല് അധര്മ്മത്തിന്റെ മര്മ്മം ഇപ്പോഴേ വ്യാപിക്കുന്നു എന്ന് വ്യക്തമാക്കുന്നു. മഹാപീഢനത്തില് ദൈവാത്മാവിന്റെ പ്രവര്ത്തനം സാര്വ്വത്രികമായി ഭൂമിയില് ഇല്ലാത്തതിനാല്, ഊഷരഭൂമിപോലെ ഉണങ്ങിവരണ്ട മനുഷ്യമനസ്സുകള് ആയിരിക്കും അന്നുള്ള ജനത്തിന്.

സമാധാനം ഇല്ലാതെയാകുന്നതുകൊണ്ടാണ് തമ്മില്കൊല്ലുന്നത്. പരിശുദ്ധാത്മാവ് ഭൂമിയില് നിന്ന് മാറ്റപ്പെട്ടിരിക്കയാല് സമാധാനം ഇല്ലാത്ത മനുഷ്യര് ആണ് അന്ന് ഭൂമുഖത്തുള്ളത്. ഏറ്റവും നിസ്സാരമായ കാര്യങ്ങള്ക്കു പോലും മനുഷ്യര് അന്യോന്യം കൊല്ലുന്ന നാളുകളായി അന്നത്തെ കാലം പരിണമിക്കും. ഇപ്രകാരം അന്തിക്രിസ്തു ആരംഭിച്ചിരിക്കുന്ന യുദ്ധത്തില് സമാധാനം ആഗ്രഹിക്കാത്ത മനുഷ്യന്റെ പരസ്പര കലാപത്താല് വലിയ കഷ്ഠതയുടെ ദിവസങ്ങള് അവന് ഉണ്ടാകും. "ലോകാരംഭം മുതല് ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേല് സംഭവിക്കാത്തതുമായ വലിയ കഷ്ടം അന്നുണ്ടാകും." മത്താ - 24:21. "അന്യോന്യം കൊല്ലുവാന്" എന്ന പ്രയോഗത്തില് ആഭ്യന്തര കലാപങ്ങളുടെ സൂചനയാണ്. അന്തിക്രിസ്തുവിന് എതിരായി ഉയരുന്ന സകലത്തെയും അന്തിക്രിസ്തു അടിച്ചമര്ത്തും. സമാധാന വാഗ്ദാനം യിസ്രായേലിന് കൊടുത്തുവെങ്കിലും ലോകത്തില് പൊതുവെയുള്ള ഭീതിയും അസമാധാനവും ആയിരിക്കും. നിലവിലുള്ള വ്യവസ്ഥിതികളെ തകിടം മറിച്ച് യുദ്ധത്തിലൂടെ ആണ് അന്തിക്രിസ്തു തന്റെ ഭരണം ഉറപ്പിക്കുന്നത്. ജയിക്കുന്നവനായി മാത്രമല്ല, ജയിപ്പാനായും ആണ് അവന്റെ പുറപ്പാട്. ജയിപ്പാനായി എന്നത് തുടര്ന്നുള്ള യുദ്ധങ്ങളെ കാണിക്കുന്നു. ഇവിടെയും അധികാരവും വാളും അവന് ലഭിച്ചതാണ്.

"സമാധാന ദൂതന്മാര് അതിദുഃഖത്തോടെ കരയുന്നു.... അവര് ഉടമ്പടി ലംഘിച്ച പട്ടണങ്ങളെ നിന്ദിച്ചു. ഒരു മനുഷ്യനെയും ആദരിക്കുന്നില്ല." യശ. 33:7,8. എന്ന് പ്രവാചകന് പ്രവചിച്ചിരിക്കുന്നു. സമാധാന കരാറുകള് അവ എഴുതുന്ന പേപ്പറിന്റെ വിലപോലും കല്പിക്കാതെ ലംഘിക്കപ്പെടുന്നതാണ് ലോകചരിത്രം. അന്തിക്രിസ്തു സമാധാന പ്രഭു എന്ന ഭാവത്തില് വെള്ളക്കുതിരമേല് പ്രത്യക്ഷപ്പെട്ടങ്കിലും താമസിയാതെ രക്തദാഹമായിമാറുന്നതിനെയാണ് ഈ ചുവപ്പുനിറവും വാളും രക്തച്ചൊരിച്ചിലും കാണിക്കുന്നു. അന്തിക്രിസ്തുവിന് ആധിപത്യം കിട്ടികഴിയുമ്പോള് അവന്റെ സ്വഭാവവും നയവും മാറുകയും അനേകരെ കൊല്ലുകയും ചെയ്യും.

ലോകത്തിലെ അതിശ്രേഷ്ഠ നേതാക്കന്മാര്ക്കും പരിഹരിക്കുവാന് കഴിയാത്ത ഒരു വലിയ പ്രശ്നമാണ് ഫലസ്തീന് - യിസ്രായേല് പ്രശ്നം. അന്തിക്രിസ്തു വരുമ്പോള് അത് വ്യത്യാസപ്പെടും. ലോകത്തിലേക്കുള്ള അന്തിക്രിസ്തുവിന്റെ ഔദ്യോഗിക പ്രവേശനം മദ്ധ്യപൂര്വ്വദേശത്തെ സമാധാന പ്രശ്നം പരിഹരിക്കുന്നതിന്റെ ഒരു വലിയ അടയാളമായിരിക്കും. ദാനി. 9:27-ല് പറയുന്നതു അന്തിക്രിസ്തുവും യിസ്രയേലുമായി ഏഴു വര്ഷത്തേക്കുള്ള ഒരു ഉടമ്പടി ഒപ്പുവെക്കും. "അവന് ഒരാഴ്ചവട്ടത്തേക്ക് പലരോടും നിയമത്തെ കഠിനമാക്കും. ആഴ്ചവട്ടത്തിന്റെ

മദ്ധ്യേ അവന് ഹനനയാഗവും ഭോജനയാഗവും നിര്ത്തലാക്കിക്കളയും." യിസ്രായേലുമായി അന്തിക്രിസ്തു ഏര്പ്പെടുത്തുന്ന ഉടമ്പടി അടിച്ചേല്പ്പിക്കുന്ന സമാധാനമായിരിക്കും. അതൊരു കഠിന ഉടമ്പടിയാണ്. സുശക്തമായ ഒരു രാഷ്ട്രീയകൂട്ടുകെട്ടിന്റെ തലവന് എന്ന നിലയില് ഒരു സമാധാന ഉടമ്പടിക്ക് മുന്കൈ എടുക്കുന്നതിനും രൂപം നല്കുന്നതിനും യിസ്രായേലിന്മേലും അതിന്റെ അയല്രാജ്യങ്ങളുടെ മേലും അത് അടിച്ചേല്പ്പിക്കുന്നതിനും അന്തിക്രിസ്തുവിന് ശക്തിയുണ്ട്. അന്നത്തെ പ്രധാനരാജ്യങ്ങള് പത്ത് ആയിരിക്കും. പത്ത് രാജ്യങ്ങളുടെമേല് ഭരണാധികാരമുള്ളതു ഇവന് യിസ്രായേലിന്മേല് ഒരു ഉടമ്പടി ഏര്പ്പെടുത്തുമ്പോള് അത് ബലവാനായ ഒരു മേലാധികാരിയില് നിന്നുള്ളതും കൂടിയാലോചനയ്ക്ക് വിധേയമല്ലാത്തതും ഒരു കരാറിന്റെ വ്യവസ്ഥകളെല്ലാം പ്രത്യക്ഷത്തില് ഉള്ളതും ആയിരിക്കും. യിസ്രായേലിന്റെ അതിരുകള് നിര്ണ്ണയിക്കപ്പെടുന്നതും ഇപ്പോള് യിസ്രായേല് താല്പര്യപ്പെടാത്ത അവരുടെ അയല്ക്കാരുമായുള്ള വ്യാപാര ബന്ധങ്ങള് തുറപ്പിക്കുന്നത് പുറത്തുനിന്നുള്ള ആക്രമണങ്ങളില് നിന്ന് സുരക്ഷിതത്വം നല്കുന്നതും തന്മൂലം യിസ്രായേലിന്റെ സൈനിക ഒരുക്കങ്ങളില് അയവു വരുത്തുന്നതുമായിരിക്കും അത് പാശ്ചാത്യ രാഷ്ട്രങ്ങളുടെ ഒരു കൂട്ടുകെട്ട് യിസ്രായേലിന്മേല് നിര്ബന്ധിച്ച് ഏര്പ്പെടുത്തുന്നു. സമാധാന ശ്രമം അനേക സന്ദര്ഭങ്ങളില് നടത്തിയിട്ടുമുണ്ട്. ഇന്നത്തെ സാഹചര്യത്തില് അന്തിക്രിസ്തു രംഗത്തുവന്ന് യിസ്രായേലിന്മേല് സമാധാന ഉടമ്പടി അടിച്ചേല്പ്പിക്കും. യഹൂദ ജനങ്ങള്ക്ക് ദൈവാലയം പണിയുവാനുള്ള ഒത്താശകള് ചെയ്തുകൊടുക്കും ദൈവാലയത്തില് യാഗം കഴിക്കുന്നതിന് അനുമതി നല്കുകയും ചെയ്യുന്നത് ഉഭയസമ്മതത്തിന്റെ ഒരു പ്രധാന ഭാഗമാണ്. ദാനിയേല് 9:27ല് ആഴ്ചവട്ടത്തിന്റെ മദ്ധ്യത്തില് അന്തിക്രിസ്തുവും യാഗങ്ങള് നിര്ത്തിക്കളയും എന്ന പ്രസ്താവന സൂചിപ്പിക്കുന്നത് അന്ന് യാഗം കഴിക്കുന്നതിനുള്ള അനുമതി ഉണ്ട് എന്നതാണ്. യിസ്രായേലിന് മഹോപദ്രവകാലത്തിന്റെ ആരംഭത്തില് സമാധാനവും ഭദ്രതാബോധവും ഉണ്ടായിരിക്കും. ഭയങ്കരമായ ദൈവക്രോധം അഴിച്ചുവിടുന്നതിന് മുമ്പ് അല്പ്പമായ ഒരു സമാധാനഘട്ടം ഉണ്ടായിരിക്കും. "അവന് സമാധാനമെന്നും നിര്ഭയം എന്ന് പറയുമ്പോള് ഗര്ഭിണിക്ക് പ്രസവവേദന വരുമ്പോലെ അവര്ക്ക് പെട്ടെന്ന് നാശം വന്നു ഭവിക്കും. അവര്ക്ക് തെറ്റി ഒഴിയാവുന്നതുമല്ല. 1. തെസ്സ. 5:2,3

ഇവിടെ ഭൂമിയില് നിന്ന് സമാധാനം എടുത്തുകളയും എന്ന് പറഞ്ഞിരിക്കുമ്പോള് ഓര്ക്കുക അതിന് മുമ്പ് ഭൂമിയില് സമാധാനം ഉണ്ടായിരുന്നു. ആ സമാധാനം അന്തിക്രിസ്തു അടിച്ചേല്പ്പിച്ച സമാധാനമാണ്. ഇന്ന് ലോകം സമാധാനത്തില് പ്രത്യേകിച്ച് മദ്ധ്യപൂര്വ്വദേശത്തെ സമാധാനത്തിനു വേണ്ടി ആക്രോശിച്ചുകൊണ്ടിരിക്കുകയാണ്. യിസ്രായേല് അതിലെ ലോക ശ്രദ്ധാകേന്ദ്രമാണ്. അന്തിക്രിസ്തുവിന്റെ സമാധാന ഉടമ്പടിയില് ലോകത്തിലെ സുപ്രധാന നായകരെല്ലാം അവിടെ സന്നിഹിതരായിരിക്കും. അന്തരീക്ഷം പ്രൗഢിയും ഉത്സവപ്രതീതിയും നിറഞ്ഞതായിരിക്കും. ലോകം അതിന്റെ ലക്ഷയ്ം നേടും. വെള്ളക്കുതിരമേലുള്ള അന്തിക്രിസ്തുവിന്റെ പ്രത്യക്ഷതയ്ക്കുവേണ്ടി ഈ ലോകം ഒരുക്കപ്പെട്ടിരിക്കുന്നു. അവന്റെ സ്വഭാവം മാറി യുദ്ധം കൊണ്ടും രക്തച്ചൊരിച്ചിലുകൊണ്ടും ലോകം അതിഭയാനകമായ നിലയിലേക്കു മാറും.

ഇന്ന് നാം അധിവസിക്കുന്ന ലോകം രാഷ്ട്രീയമായും സാമൂഹ്യമായും എവിടേ-ക്കാണ് പോകുന്നത് എന്ന് ഒരു മനുഷ്യനും ഊഹിക്കുവാന് പോലും സാധ്യമല്ല. സമാധാനമാണ് മനുഷ്യന് കാംക്ഷിക്കുന്നതെങ്കിലും അവന്റെ പ്രതീക്ഷകള്ക്കെല്ലാം നേരെ വിരുദ്ധമായി ലോകം അസാമാധനപൂര്ണ്ണമായൊരു അവസ്ഥയിലേക്ക് നീങ്ങക്കൊണ്ടിരിക്കുന്നു. ലോക സമാധാനത്തിന്റെ സാമുദായികമൈത്രിക്കും വേണ്ടി ഒട്ടേറെ സമ്മേളനങ്ങളും കൂടിക്കാഴ്ചകളും ലോകത്തിന്റെ എല്ലാ കോണു-കളിലും നടന്നുവരുന്നു. ഓരോ ഉടമ്പടിയിലും ഒപ്പുവെയ്ക്കുന്നതിന്റെ ചൂട് ആറു-ന്നതിന് മുമ്പ് തന്നെ സമാധാന ഉടമ്പടികള് ലംഘിക്കുന്ന കാഴ്ചയാണ് കാണുന്നത്. ലോകം എത്ര ശ്രമിച്ചാലും സമാധാന പൂര്ണ്ണമായൊരു അന്തരീക്ഷം കെട്ടിപ്പടുക്കു-വാന് കഴിയത്തില്ല. ദൈവത്തെ മനുഷ്യന് തന്റെ ഹൃദയത്തില് നിന്ന് തള്ളിക്കളയു-ന്നതിന്റെ ഫലമായി ഭയങ്കരമായ കഷ്ടകാലഘട്ടത്തിലേക്ക് ലോകം അടുത്തുകൊ-ണ്ടിരിക്കുന്നു. ദൈവത്തിന്റെ പുത്രനായ യേശുക്രിസ്തു ദൈവീകകാര്യപരിപാടി-കളെ അതിന്റെ സമാപ്തിയില് എത്തിക്കുന്നതുപോലെ സര്പ്പത്തിന്റെ സന്തതി-യായ അന്തിക്രിസ്തുവും സാത്താന്റെ പരിപാടികളെ അതിന്റെ സമാപ്തിയില് എത്തിക്കുന്നു.

ഭൂമിയില് സമാധാനവുമായി വെള്ളക്കുതിരപ്പുറത്ത് വന്നവന് തന്റെ സ്വഭാവം മാറി അഥവാ നിറംമാറി ചുവന്നക്കുതിരപ്പുറത്ത് വലിയവാളും പിടിച്ച് ഭൂമിയില് നിന്ന് സമാധാനം എടുത്ത് കളയേണ്ടതിന് മനുഷ്യര് അന്യോന്യം കൊല്ലുവാന് തക്ക-വണ്ണം തന്റെ തനിരൂപം വെളിപ്പെടുത്തുന്നു. യിരമ്യാ പ്രവാചകന് ഇതിനെ "യാക്കോബിന്റെ കഷ്ടകാലം" എന്നും ഗര്ഭിണിയുടെ പ്രസവവേദന പോലെ അത്ര സങ്കടകരമായതെന്നും എഴുതിയിരിക്കുന്നു. യിര - 30 - 4,7. യെഹെസ്കോല് പ്രവ-ചനത്തില് യിസ്രായേല് കോലിന് കീഴെ കടത്തപ്പെടുന്നതായും, ലോഹങ്ങള് ഉലയില് ഊതി ഉരുക്കപ്പെടുന്നതു പോലെ ഉരുക്കപ്പെടുന്നതായും വര്ണ്ണിച്ചിരിക്കുന്നു. യഹെ. 20: 34-38, 22: 19-22. സെഖര്യാവ്, മാലാഖി എന്നീ പ്രവാചകന്മാര് വെള്ളി ഊതിക്കഴിക്കുന്നതുപോലെയും പൊന്നു സ്ഫുടം ചെയ്യുന്നതുപോലെയും യിസ്രാ-യേല് ശുദ്ധീകരിക്കപ്പെടുമെന്നു ഇതിനെക്കുറിച്ചു പ്രവചിച്ചിരിക്കുന്നു. സെഖ -13:9, മാലാഖി 3:2. ദാനിയേലില് തന്റെ ജനമായ യഹൂദന്മാര്ക്ക് 'കഷ്ടകാലം' ആയി-രിക്കും അതെന്ന് വെളിപ്പെടുത്തപ്പെട്ടതായി കാണുന്നു. ദാനി 12:1. ഇത് ഭൂതലത്തില് എങ്ങും വരുവാനുള്ള പ്രതീക്ഷാകാലം ആണ്. വെളി 3:10. മഹാകഷ്ടത്തിന്റെ ആ നാളുകള് ചുരുങ്ങാതിരുന്നാല് ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല. വൃതന്മാര് നിമിത്തമോ ആ നാളുകള് ചുരുങ്ങും. മത്താ 24:22 "യഹോവയുടെ ദിവസം വരു-ന്നതുകൊണ്ടും അത് അടുത്തിരിക്കുന്നതുകൊണ്ടും ദേശത്തിലെ സകല നിവാസി-കളും നടുങ്ങിപ്പോകട്ടെ. ഇരുട്ടും അന്ധകാരമുള്ളൊരു ദിവസം. മേഘവും കൂരി-രുട്ടും ഉള്ളൊരു ദിവസം തന്നെ." യേവേ 2: 1,2. സെഫെ 1: 14-18, യശ. 26: 21

ലോക സമാധാനം നഷ്ടപ്പെടുത്തക്കവണ്ണം രാജ്യങ്ങള് പാര്ട്ടി തിരിഞ്ഞു അന്യോന്യം യുദ്ധം ചെയ്യും. അന്തിക്രിസ്തുവിന് വലിയ വാള് കിട്ടി എന്നു കാണുന്നു. വലിയ സംഹാരങ്ങള് ഉണ്ടാകും എന്ന് കാണിക്കുന്നു. ഇതിന്റെ നടുനായകത്വം അന്തി-ക്രിസ്തു വഹിക്കും. യുദ്ധങ്ങളും യുദ്ധശ്രുതികളും ഈ യുഗാന്ത്യത്തിന്റെ ലക്ഷണ-

മായി കര്ത്താവു പറഞ്ഞു. മത്താ - 24:6. ഒരു ലോകമഹായുദ്ധത്തെക്കുറിച്ച് യെഹെസ്കേല് 38,39 ഈ അദ്ധ്യായങ്ങളില് പറയുന്നുണ്ട്. വന് ശക്തികള് ശേഖരിച്ചിരിക്കുന്ന അണുശക്തി അടുത്ത യുദ്ധത്തില് ഉപയോഗിച്ചാല് ഭൂമുഖത്തുള്ളതെല്ലാം തുടച്ചുമറ്റപ്പെടും. അങ്ങനെ സംഭവിക്കുക അസാധ്യമാണെന്ന് വേദപുസ്തകം പഠിക്കുന്ന ഒരു വ്യക്തിക്ക് മനസ്സിലാകും. കാരണം ഈ ഭൂമിയെ ഇതേ നിലയില് നിലനിര്ത്തിക്കൊണ്ടു പരിപൂര്ണമായ ഒരു ഭരണം യേശുകര്ത്താവ് ആയിരം ആണ്ടേക്ക് ഇവിടെ നടത്തും. പരിമിതമായ നിലയില് ആറ്റം ബോംബുകള് ഉപയോഗിച്ചേക്കാമെങ്കിലും ഒരു ലോകമഹായുദ്ധത്തിലെ ശക്തിപ്രകടനത്തില് അണുശക്തി ഉപയോഗിക്കപ്പെടാതെ ദൈവം നിയന്ത്രിക്കും. കാരണം അണുശക്തിയാല് എല്ലാം നിമിഷനേരംകൊണ്ടു നശിച്ചുപോകുവാന് കര്ത്താവ് ആഗ്രഹിക്കുന്നില്ല. അണുശക്തിയാല് ജയമോ തോല്വിയോ ആര്ക്കും ഉണ്ടാകുകയില്ല. എല്ലാം നശിച്ചുപോകും. മറ്റു യുദ്ധസാമഗ്രികള് ഉപയോഗിച്ച് അന്തിക്രിസ്തു യുദ്ധം നടത്തും. അവര് അന്യോന്യം കൊല്ലത്തക്കവണ്ണം പ്രവര്ത്തിക്കും. വലിയ രക്തച്ചൊരിച്ചില് ഉണ്ടാകും. ഹിറ്റ്ലര് ജര്മ്മനിയില് കൊന്നതിനേക്കാള് അനേകം ലക്ഷം പേരെ റഷ്യയില് സ്റ്റാലിനും ചൈനയില് മാവോസേതൂങ്ങും കൊന്നൊടുക്കിയിട്ടുണ്ട്. അതിനേക്കാള് വലിയ കൊലപാതകങ്ങളും രക്തച്ചൊരിച്ചിലും അന്തിക്രിസ്തുവിന്റെ ഈ ഭരണകാലത്ത് നടക്കും. അതാണ് ഈ ചുവന്ന കുതിരയും വലിയ വാളും ചൂണ്ടിക്കാണിക്കുന്നത്. ലോകത്തിന്റെ ഭാവി സമാധാനപരമായിരിക്കുമെന്ന് ഇനിമേല് പ്രതീക്ഷിക്കേണ്ടതില്ല. ദൈവക്രോധം പകരപ്പെടുന്നതിനാല് അനിയന്ത്രിതമായ യുദ്ധസന്നാഹം. ഇവിടെ ആര്ക്ക് സമാധാനം പകരുവാന് കഴിയും?